# Athmaraksha.org

യേശു നാമത്തിന്റെ ശക്തി - ഫാ.സേവ്യർ ഖാൻ വട്ടായിൽ

## ആമുഖം




ആമുഖം

'ദാവീദ് പ്രതിവചിച്ചു, വാളും കുന്തവും ചാട്ടുളിയുമായി നീ എന്നെ നേരിടാൻ വരുന്നു. ഞാനാകട്ടെ നീ നിന്ദിച്ച ഇസ്രായേൽ സേനകളുടെ ദൈവമായ സൈന്യങ്ങളുടെ കർത്താവിന്റെ നാമത്തിലാണ് വരുന്നത്.' (1സാമു.17:45). അതിശക്തനായ ഗോലിയാത്തെന്ന മല്ലൻ യുദ്ധമുഖത്തുനിന്ന് ഇസ്രായേൽ സേനകളെ പുച്ഛിക്കുകയും പരിഹസിക്കുകയും നാൽപ്പതു ദിവസം രാവിലെയും വൈകുന്നേരവും അവരെ വെല്ലുവിളിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇസ്രായേൽ രാജാവും സൈന്യനിരകളും ഭയചകിതരായി. ഈ സാഹചര്യത്തിലാണ് കുമാരനായ ദാവീദ് ആത്മാവിന്റെ പ്രേരണയാൽ ഗോലിയാത്തിനെ നേരിടാൻ മുമ്പോട്ടു വന്നത്. 'ഗോലിയാത്ത് ദാവിദിനോടടുത്തു. ആയുധവാഹകൻ മുമ്പേ നടന്നു. ദാവിദിനെ കണ്ടപ്പോൾ ഫിലിസ്ത്യനു പുച്ഛം തോന്നി എന്തെന്നാൽ, അവൻ തുടുത്തു കോമളനായ ഒരു കുമാരൻ മാത്രമായിരുന്നു. ഗോലിയാത്തു ദീവിദനോടു ചേദിച്ചു: എന്റെ നേരേ വടിയുമായി വരാൻ ഞാനൊരു പട്ടിയോ? അവൻ ദേവൻമാരുടെ പേരു ചൊല്ലി ദാവിദിനെ ശപിച്ചു. അവൻ ദാവിദിനോടു പറഞ്ഞു: വരൂ; ഞാൻ നിന്റെ മാംസം പറവകൾക്കും കാട്ടുമൃഗങ്ങൾക്കും കൊടുക്കും' (1സാമു.17:41-44). സാവൂൾ രാജാവും സഹോദരൻമാരും ബാലനായ ആട്ടിടയനെ നിരുത്സാഹപ്പെടുത്തിയിട്ടും ഇസ്രായേൽ സേനകളുടെ ദൈവമായ കർത്താവിന്റെ നാമത്തിന്റെ ശക്തിയിൽ ബോധ്യം ഉള്ള ദാവീദ്, ആറര മുഴം ( ഏകദേശം പത്ത് അടി) ഉയരത്തിൽ, അയ്യായിരം ഷെക്കൽ (അൻപത്തി ഏഴു കിലോ) തൂക്കമുള്ള കവചവും ധിരച്ചു പോർവിളിയുമായി തന്റെ മുന്നിൽ നിൽക്കുന്ന അതികായനായ ഗോലിയാത്തിന്റെ വെല്ലുവിളിയുടെ മുമ്പിൽ പതറാതെ ഇങ്ങനെ പറഞ്ഞു: 'കർത്താവ് നിന്നെ ഇന്ന് എന്റെ കൈയിൽ ഏൽപിക്കും. ഞാൻ നിന്നെ വീഴ്ത്തും. നിന്റെ തലവെട്ടിയെടുക്കും. ഫിലിസ്ത്യരുടെ ശവശരീരങ്ങൾ പറവകൾക്കും കാട്ടുമൃഗങ്ങൾക്കും ഇരയാകും. ഇസ്രായേലിൽ ഒരു ദൈവമുണ്ടെന്ന് ലോകമെല്ലാം അറിയും. കർത്താവ് വാളും കുന്തവും കൊണ്ടല്ല രക്ഷിക്കുന്നതെന്ന് ഈ ജനതതി മനസ്സിലാക്കും. ഈ യുദ്ധം കർത്താവിന്റേതാണ്; അവിടുന്ന് നിങ്ങളെ ഞങ്ങളുടെ കൈയിലേൽപ്പിക്കും'(1സാമു.17:46-47). ആ വെല്ലുവിളി ഗോലിയാത്തിനെ ദേഷ്യം പിടിപ്പിച്ചു. വാളും കുന്തവുമായി ഗോലിയാത്ത് ദാവിദിനോടു നേരെ ഓടിയടുത്തു. അപ്പോൾ ആ യുദ്ധം കർത്താവാണ് നയിക്കുന്നതെന്ന് ഉറച്ച വിശ്വാസമുള്ള ദാവിദ് തന്റെ കവണയെടുത്തു ഒരു

കല്ലെച്ച് ഗോലിയാത്തിന്റെ നെറ്റിക്ക് ആഞ്ഞ് എറിഞ്ഞു. ഗോലിയാത്ത് മുഖം കുത്തി നിലംപതിച്ചു. ദാവിദ് ഓാടിച്ചെന്ന് അവന്റെ മേൽ കയറിനിന്ന് ഗോലിയത്തിന്റെ വാൾ വലിച്ചൂരി അവന്റെ കഴുത്തു വെട്ടി മുറിച്ചെടുത്തു. "ദാവിദ് ഓാടിച്ചെന്ന് ഗോലിയാത്തന്റെമേൽ കയറിനിന്ന് അവന്റെ വാൾ ഉറയിൽനിന്ന് വലിച്ചൂരി. അവനെകഴുത്തു വെട്ടിമുറിച്ചു കൊന്നു. ഫിലിസ്ത്യർ തങ്ങളുടെ മല്ലൻ വധിക്കപ്പെട്ടെന്നു കണ്ടപ്പോൾ ഓടിക്കളഞ്ഞു'(1സാമു.17:51). ദൈവമായ കർത്താവിന്റെ നാമത്തിൽ ദാവീദ് ആ യുദ്ധത്തിൽ വിജയം വരിച്ചു. ഇന്നു ഞാനും നിങ്ങളും യേശുവിന്റെ നാമത്തിൽ ജയിക്കണമെന്നും സ്വർഗ്ഗം ആഗ്രഹിക്കുന്നു. യേശു എന്ന നാമത്തിൽ ആശ്രയം വെക്കുന്ന ഒരു ദൈവപൈതലിനു ലഭിക്കുന്ന അത്ഭുത സംരക്ഷണം നിന്റെ ജീവിതത്തിലും അനുഭവിക്കുക. യേശു എന്ന നാമത്തിന്റെ അത്ഭുത ശക്തിയെക്കുറിച്ച് ഈ ചെറുപുസ്തകം പരിചയപ്പെടുത്തുന്നു.

+++